പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4898 24.07.2015 - ൽ മറുപടിയ്ക്ക്

## ജനറിക് മരുന്നുകൾ

| ചോദ്യം<br>ശ്രീ.പി.കെ. ബഷീർ : | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;<br>(ബി) ജനറിക് മരുന്നുകൾ ഏതൊക്കെ വിഭാഗങ്ങൾക്കാണ് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) ഇത്തരം മരുന്നുകൾ ഏതെല്ലാം തരം ആശുപത്രികളിലാണ് നൽകുന്നത് വിശദമാക്കുമോ;<br>(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും വ്യാപിപ്പിക്കാൻ നടപടി എടുക്കുമോയെന്ന് വ്യക്തമാക്കാമോ? | ഉണ്ട്. 2012 നവംബർ 1 മുതൽ ഐ.പി/ ഒ.പി, ബി.പി.എൽ/ എ.പി.എൽ വ്യത്യാസമില്ലാതെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ജനറൽ ആശുപത്രികളിലും ചികിത്സയ്ക്കെത്തുന്ന എല്ലാ വിഭാഗം രോഗികൾക്കും അവശ്യ മരുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഇനം ജനറിക് മരുന്നുകളും സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.<br>2013 ഒക്ടോബർ 2 ന് ഈ പദ്ധതി എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ